ഉത്തരം

(എ) ഉണ്ട്.

(ബി&സി) പുതിയങ്ങാടി-ഉള്ളിയേരി റോഡിന്റെ മൊത്തമായ പരിഷ്ക്കരണത്തിനായി 1522 ലക്ഷം രൂപ അടങ്കൽ തുകയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്ന മുറയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

മഞ്ചേരി സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ റോഡിന്റെ പണി

70 (667) ശ്രീ. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ റോഡ്, അഹമ്മദ് കുരിക്കൾ മെമ്മോറിയൽ റോഡ് എന്നിവയുടെ പണി തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ;

(സി) അടിയന്തിരമായി അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മഞ്ചേരി സി. എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ റോഡിന്റേയും അഹമ്മദ് കുരിക്കൾ മെമ്മോറിയൽ റോഡിന്റെയും പണികൾ വളരെ മുമ്പുതന്നെ ചെയ്തു തീർത്തിട്ടുള്ളതാണ്. പ്രസ്തുത റോഡുകളുടെ ഉപരിതലം ബലപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

വിദ്യാഭ്യാസ നയത്തിൽ വരുത്തിയ മാറ്റങ്ങൾ

71 (668) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. വി. ജയരാജൻ :
ഡോ. തോമസ് ഐസക് :
ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു വളരെ വർഷങ്ങളായി നിലനിൽക്കുന്ന സാർവ്വത്രികവും സൗജന്യവുമായ സ്കൂൾ വിദ്യാഭ്യാസം എന്ന വിദ്യാഭ്യാസ നയത്തിനു മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമാണ് മാറ്റങ്ങൾ ;

(ബി) എട്ട്, ഒൻപത്, ക്ലാസ്സുകളിൽ കമ്പ്യൂട്ടർ പഠനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കമ്പ്യൂട്ടർ പഠനം ഈ ക്ലാസ്സുകളിൽ നിർബന്ധമാക്കിയിട്ടുണ്ടോ ;

(സി) കമ്പ്യൂട്ടർ പഠനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ഫീസ് എത്ര ; ഇതിൽ നിന്നും ഏതെല്ലാം വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly